**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5722** **16-03-2023 - ൽ മറുപടിയ്ക്ക്**

**ജയിൽ അന്തേവാസികൾക്ക് വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം സെൻട്രൽ ജയിലിൽ അന്തേവാസികൾക്ക് വിദ്യാഭ്യാസത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; ഇവിടെ പ്രവർത്തിച്ചിരുന്ന ജയിൽ സ്കൂൾ അടച്ച് പൂട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം സെൻട്രൽ ജയിലിൽ അന്തേവാസികൾക്ക് നിലവിൽ ഒന്ന് മുതൽ ഡിഗ്രി വരെയുള്ള കോഴ്സുകൾക്ക് പഠന സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. 2022-23 വർഷങ്ങളിൽ സാക്ഷരത ക്ലാസിന് 20 അന്തേവാസികളും നാലാം ക്ലാസിൽ 7 അന്തേവാസികളും ഏഴാം ക്ലാസിൽ 3 അന്തേവാസികളും പത്താം ക്ളാസിൽ 9 അന്തേവാസികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്ളസ് വൺ ക്ലാസിന് 11 അന്തേവാസികളും, ഡിഗ്രി ക്ളാസിൽ ഒരാളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം വനിതാ ജയിലിലെ പി.ഡി ടീച്ചർ ആഴ്ചയിൽ 4 ദിവസം ജയിലിലെത്തി വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. കേരള സർവ്വകലാശാല കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ലൈബ്രറി & ഇൻഫർമേഷൻ സയൻസിൽ ഡിപ്ളോമ കോഴ്സ് നടത്തി വരുന്നു. സെൻട്രൽ ജയിലിലെ സ്കൂൾ അടച്ചു പൂട്ടിയിട്ടില്ല.<br><br>അന്തേവാസികളുടെ പഠനം സംബന്ധിച്ച ചുമതല ജയിലിലെ വെൽഫെയർ ഓഫീസർ നിർവ്വഹിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ജയിലിൽ അന്തേവാസികളെ പഠിപ്പിക്കുന്നതിനായി സ്ഥിരമായി അദ്ധ്യാപകരെ നിയോഗിച്ചിട്ടുണ്ടോ; അന്തേവാസികളുടെ പഠനം സംബന്ധിച്ച കാര്യങ്ങളുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ആരാണ്; ഇതിനായി പ്രത്യേകം കോ-ഓർഡിനേറ്ററെ നിയോഗിച്ചിട്ടുണ്ടോ; സ്ഥിരമായി അദ്ധ്യാപകനെ നിയമിക്കുന്നതിനും കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | തിരുവനന്തപുരം സെൻട്രൽ ജയിലിൽ അന്തേവാസികൾക്ക് നിലവിൽ ഒന്ന് മുതൽ ഡിഗ്രി വരെയുള്ള കോഴ്സുകൾക്ക് പഠന സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. 2022-23 വർഷങ്ങളിൽ സാക്ഷരത ക്ലാസിന് 20 അന്തേവാസികളും നാലാം ക്ലാസിൽ 7 അന്തേവാസികളും ഏഴാം ക്ലാസിൽ 3 അന്തേവാസികളും പത്താം ക്ളാസിൽ 9 അന്തേവാസികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്ളസ് വൺ ക്ലാസിന് 11 അന്തേവാസികളും, ഡിഗ്രി ക്ളാസിൽ ഒരാളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം വനിതാ ജയിലിലെ പി.ഡി ടീച്ചർ |

| | | | |
|---|---|---|---|
| | | | ആഴ്ചയിൽ 4 ദിവസം ജയിലിലെത്തി വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. കേരള സർവ്വകലാശാല കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ലൈബ്രറി & ഇൻഫർമേഷൻ സയൻസിൽ ഡിപ്ളോമ കോഴ്സ് നടത്തി വരുന്നു. സെൻട്രൽ ജയിലിലെ സ്കൂൾ അടച്ചു പൂട്ടിയിട്ടില്ല.<br><br>അന്തേവാസികളുടെ പഠനം സംബന്ധിച്ച ചുമതല ജയിലിലെ വെൽഫെയർ ഓഫീസർ നിർവ്വഹിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ